ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ ഫ്ളാറ്റുകളിലേക്ക് സാധാരണയായി 20 എം.എം. അല്ലെങ്കിൽ 25 എം.എം. ലൈൻവഴി ജലവിതരണ കണക്ഷനുകൾ മിക്കവാറും സമ്പുകളിലേക്കാണ് നൽകിയിട്ടുള്ളത്. ഈ സംഭരണികളിൽ ജലം സംഭരിച്ചാണ് ഫ്ളാറ്റുകളിൽ ജലം ഉപയോഗിക്കുന്നത്. സംഭരണികളിൽ ഫ്ളോട്ട് വാൽവുകൾ ഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഫ്ളാറ്റുകളിലേയ്ക്ക് മാത്രമായി ഏകദേശം 1 എം.എം.ഡി. വെള്ളം നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) സമ്പുകളിൽ ഫ്ളോട്ട് വാൽവുകൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ ഓപ്പറേറ്റ് ചെയ്യേണ്ടതായി വരുന്നില്ല.

(ഇ) വാൽവുകൾ ഓപ്പറേറ്റ് ചെയ്യേണ്ട ആവശ്യമില്ലാത്തതിനാൽ ജീവനക്കാരുടെ സേവനം ഇതിലേക്കാവശ്യമില്ല.

പമ്പ് ഹൗസുകളിലെ നിയമനം

37 (3978) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര പമ്പ് ഹൗസുകൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഒന്നിൽകൂടുതൽ ഷിഫ്റ്റ് വേണ്ടിവരുന്ന പമ്പ് ഹൗസുകൾ എത്ര, അവയിൽ ഇതിൻപ്രകാരം ജോലി നടക്കുന്നുണ്ടോ ;

(സി) നിലവിൽ എത്ര ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നു ; അവരിൽ പി.എസ്.സി. നിയമനം എത്ര, താല്ക്കാലിക നിയമനം എത്ര ;

(ഡി) ഓപ്പറേറ്റർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട് ; ഇവയിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതെത്ര ;

(ഇ) എല്ലാ പമ്പ് ഹൗസുകളിലും പി.എസ്.സി. മുഖേന ഓപ്പറേറ്റർമാരുടെ നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഒഴിവുള്ള മുഴുവൻ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ 1698 പമ്പ് ഹൗസുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നിൽകൂടുതൽ ഷിഫ്റ്റ് വേണ്ടിവരുന്ന 802 പമ്പ് ഹൗസുകളുണ്ട്. അവയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി നടക്കുന്നുണ്ട്.

(സി) നിലവിൽ 1548 ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നു. അവരിൽ 1104 പേർ പി.എസ്.സി. മുഖേന നിയമനം നേടിയവരും 444 പേർ എൻ.എം.ആർ. റെഗുലറൈസേഷൻവഴി സ്ഥിരപ്പെട്ടവരും സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുമാണ്.

(ഡി-എഫ്) എല്ലാ പമ്പ്ഹൗസുകളിലുമുള്ള ഓപ്പറേറ്റർമാരുടെ ഒഴിവുകൾ തിട്ടപ്പെടുത്തിവരുന്നു. താൽക്കാലിക കണക്കനുസരിച്ച് 524 ഒഴിവുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 100 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർമാരുടെ നിയമനം

38 (3979) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി. മുഖാന്തിരം മീറ്റർ റീഡർമാരെ നിയമിക്കാൻ എന്തൊക്കെ നടപടി ഇന്നേവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ മീറ്റർ റീഡർമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) മീറ്റർ റീഡർമാരുടെ 50% ഒഴിവിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം എത്രപേരെ പ്രൊമോഷൻ നൽകി മീറ്റർ റീഡർമാരായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) മീറ്റർ റീഡർ തസ്തികയിലേക്ക് ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ പ്രൊമോഷൻ വഴി നിയമിക്കാൻ പേ-റിവിഷൻ ഉത്തരവിൽ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർമാരുടെ ഒഴിവുകൾ 1:1 അനുപാതത്തിൽ പി.എസ്.സി. മുഖേനയും താഴ്ന്ന തസ്തികകളിൽ യോഗ്യത നേടിയവരെ ട്രാൻസ്ഫർ നിയമനം വഴിയും നികത്തുവാനാണ് വ്യവസ്ഥയുള്ളത്. ഇങ്ങനെയുണ്ടാകുന്ന ഒഴിവുകളിൽ 1:1 റേഷ്യോ പ്രകാരം കാലാകാലങ്ങളിൽ പി.എസ്.സി.യെ അറിയിക്കുകയും നിയമനം നടത്തുകയും ചെയ്തുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ മീറ്റർ റീഡർമാരുടെ 21 ഒഴിവുകൾ (പി.എസ്.സി. വഴി നികത്തേണ്ടവ മാത്രം) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly